Desp. on 7/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1448*(2)/2020/*എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 10903/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സാബു അലക്സ്,
റ്റി.സി. 7/1545(1), തൈക്കൂട്ടത്തിൽ,
തിരുമല (പി.ഒ),
തിരുവനന്തപുരം - 695 006.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ട്, തിരുവല്ല നഗരസഭ, കോട്ടയം.
2. അപ്പീൽ അധികാരി & അസി. എക്സി. എഞ്ചിനീയർ, തിരുവല്ല നഗരസഭ, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24/06/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/08/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/08/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/08/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21/10/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21/10/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സാബു അലക്സ് 21/10/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1448(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 24/06/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. തിരുവല്ല SCS കോമ്പൗണ്ടിലുള്ള മാർത്തോമപള്ളി പുതുക്കി പണിയുന്നതിന് മുനിസിപ്പാലിറ്റി അനുമതി നൽകിയിട്ടുണ്ടോയെന്നും
2. ആയതിനുള്ള അപേക്ഷാ നൽകിയത് ആരാണെന്നും, വ്യക്തിയുടെ പേരെന്തെന്നും
3. തിരുവല്ല SCS കോമ്പൗണ്ടിലുള്ള പള്ളി പുതുക്കി പണിയൽ/അറ്റകുറ്റപ്പണി സംബന്ധിച്ച മുഴുവൻ ഫയലും (നോട്ട് ഫയൽ അടക്കം) എത്ര പേജാണെന്നും മുഴുവൻ ഫയലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പിനു എത്ര രൂപ അടക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 24/08/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 13/08/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 27/08/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 29/12/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, കോവിഡ് 19-മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ മൂലം സമയബന്ധിതമായി അപേക്ഷകന് മറുപടി ലഭ്യമാക്കുവാൻ സാധിച്ചില്ലെന്നും, 24/08/2020-ൽ അപേക്ഷയിൽ പ്രതിപാദിച്ചിരുന്ന രണ്ട് ചോദ്യങ്ങൾക്കുള്ള മറുപടിയും, 3-ാം ചോദ്യവുമായി ബന്ധപ്പെട്ട രേഖകൾ ഓഫീസ് പ്രവൃത്തി സമയത്ത് ഫയൽ നേരിട്ട് പരിശോധിക്കാവുന്നതും, പകർപ്പ് ആവശ്യമുള്ളപക്ഷം നിയമാനുസൃത ഫീസ് അടയ്ക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്നും അറിയിച്ച് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന്

12/08/2020ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും, ആയതിന് 27/08/2020ൽ മറുപടി നൽകിയെന്നും, 04/09/2020ൽ രണ്ടാം അപേക്ഷ സമർപ്പിക്കുകയും ആയതിന് 07/09/2020ൽ മറുപടി നൽകിയിട്ടുണ്ടെന്നും, ഇതിന് എതിരായാണ് കക്ഷി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതെന്നുമാണ്. കമ്മീഷൻ നിർദ്ദേശാനുസരണം 29/12/2020ൽ പരാതിക്കാരന് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ കക്ഷിക്ക് സൗജന്യമായി അയച്ചിട്ടുണ്ടെന്നുമാണ്.

കോവിഡ് 19 മഹാമാരിമൂലം 3 പ്രാവശ്യം ഓഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശം കണ്ടെയിൻമെന്റ് സോൺ ആകുകയും, ടി ഓഫീസിലെ ജീവനക്കാർക്ക് പല ഘട്ടങ്ങളിലായി കോവിഡ് സ്ഥിരീകരിച്ചത് മൂലവും ഓഫീസ് പ്രവർത്തനത്തിൽ തടസ്സം നേരിടുകയുണ്ടായിയെന്നും ഇത് മൂലം അപേക്ഷകന് സമയബന്ധിതമായി മറുപടി നൽകുന്നതിന് താമസം നേരിടുകയുണ്ടായിയെന്നും, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള ഹിയറിംഗ് നടപടികൾ തെരഞ്ഞെടുപ്പ് ജോലികളും കൂടാതെ ടൗൺ പ്ലാനിംഗ് സെക്ഷനുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള ഭാരിച്ച ജോലികൾ മൂലവും മറുപടി നൽകുന്നതിൽ തടസ്സം നേരിടുകയുണ്ടായിയെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് സൗജന്യമായി നൽകിയതായി കമ്മീഷന് ബോധ്യമായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV